# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5493 - 02/11/2016 - ലെ മറുപടിക്ക്

### ആഗോളവത്ക്കരണ നയങ്ങളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ തിരിച്ചടി

**ചോദ്യം**

**ഉത്തരം**

ശ്രീ.ജെയിംസ് മാത്യു
ശ്രീ.കെ.വി.വിജയദാസ്
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.കെ.ആൻസലൻ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ആഗോളവത്ക്കരണ നയങ്ങളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ തിരിച്ചടി സംസ്ഥാന സമ്പദ്ഘടനയിലുണ്ടാക്കാനിടയുള്ള കനത്ത ആഘാതം പരിഹരിക്കാനായി ഏതു വിധത്തിലുള്ള തന്ത്രങ്ങളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്; | ആഗോള സാമ്പത്തികവൽക്കരണത്തിന്റെയും സാമ്പത്തികമാന്ദ്യത്തിന്റെയും പ്രത്യാഘാതങ്ങളിൽ നിന്ന് സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനായി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | വളർച്ചാ നിരക്ക് ഉയർത്തുന്നതോടൊപ്പം സാമൂഹ്യ നീതി ഉറപ്പുവരുത്താനായി എന്തു മാർഗ്ഗമാണ് ആലോചിക്കുന്നത്; | |
| (സി) | നവീന സേവന-വ്യവസായ മേഖലകളുടെ വളർച്ചക്കുവേണ്ട പദ്ധതികൾ രൂപീകരിക്കുന്നതിനോടൊപ്പം പാർശ്വ വത്ക്കരിക്കപ്പെട്ട് പരമ്പരാഗത തൊഴിൽ മേഖലയെ ആശ്രയിക്കാൻ നിർബന്ധിതരായ ഗണ്യമായ ജനവിഭാഗങ്ങളുടെ പുരോഗതിക്ക് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന വികസന തന്ത്രത്തിന്റെ രൂപരേഖ അറിയിക്കാമോ? | പരമ്പരാഗത തൊഴിൽമേഖലയെ ആശ്രയിക്കുന്ന സാധാരണ ജനങ്ങളുടെ സംരക്ഷണത്തിനും പുരോഗതിയ്ക്കുമായി ഉദ്ദേശിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കാൻ പോകുന്ന പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• കാർഷിക മേഖലയുടെ നിക്ഷേപത്തിലുണ്ടായ ഇടിവ് നികത്താനായി കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>• റബ്ബറിന്റെ വിലത്തകർച്ചയിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകുന്നതിന് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുന്ന വിലസ്ഥിരതാ പദ്ധതിയ്ക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>• സാധാരണക്കാർ കൂടുതലായി പണിയെടുക്കുന്ന മേഖലയായ തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ സന്നദ്ധയുള്ളവർക്ക് മുഴുവൻ 100 ദിവസത്തെ പണി നൽകുന്നതിനുള്ള തീവ്രയജ്ഞത്തിന് മുൻകൈയെടുക്കും.<br>• മത്സ്യതൊഴിലാളികളുടെ പഞ്ഞമാസാശ്വാസ പദ്ധതി 1800 രൂപയിൽ നിന്നും 3600 രൂപയാക്കി ഉയർത്തും. |

| | | |
|---|---|---|
| | | • മത്സ്യതൊഴിലാളികൾ സുരക്ഷിത മേഖലയിലേക്ക് മാറിത്താമസിക്കുന്നതിന് സഹായം നൽകും.<br>• കയർ വ്യവസായത്തെയും കയർ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി കയർ മേഖലയുടെ അടങ്കൽ 232 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>• കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും അവയുടെ നവീകരണത്തിനും കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിനും പദ്ധതികൾ നടപ്പിലാക്കും.<br>• കൈത്തറി, ഖാദി വ്യവസായ മേഖലയിൽ മാർക്കറ്റ് ഇടപെടലിനും വരുമാന ഉറപ്പിനും ഉള്ള പദ്ധതികൾ നടപ്പിലാക്കും.<br>• നാശോന്മുഖ പാരമ്പര്യ തൊഴിലുകളിൽ പ്രവർത്തിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ആർട്ടിസാൻസ് കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കും.<br>• വർക്ക്ഷോപ്പ് ജീവനക്കാരുടെയും ഉടമസ്ഥരുടെയും ക്ഷേമനിധി ബോർഡ് വഴി പെൻഷൻ പദ്ധതി നടപ്പിലാക്കും. |

അക്കൗണ്ട്സ് ഓഫീസർ